LIBRARY ARCHIVES Kerala Legislative Assembly

ജൂലൈ മുതൽ നവംബർ വരെ പദ്ധതി ദീർഘിപ്പിച്ചതിനെത്തുടർന്ന് PMGKAY രണ്ടാം ഘട്ടത്തിൽ 289922.944 MT അരിയും 70782.357 MT ഗോതമ്പും 18310.219 MT പയർവർഗ്ഗങ്ങളും ലഭ്യമായിട്ടുണ്ട്. കോവിഡ് രണ്ടാംഘട്ട വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ 2021 മേയ്, ജൂൺ മാസങ്ങളിൽ PMGKAY പദ്ധതി പ്രകാരം വിതരണം നടത്തുന്നതിനായി 126487.177 MT അരിയും 28312.943 MT ഗോതമ്പും അനുവദിച്ചിട്ടുണ്ട്. ആയതിന്റെ വിതരണം നടന്നുവരികയാണ്.

(സി) സൗജന്യ ഭക്ഷ്യകിറ്റ് വിതരണത്തിനായി റേഷൻ വ്യാപാരികൾക്ക് നൽകേണ്ട നിയമാനുസൃത കമ്മീഷൻ നാളിതുവരെ നൽകിയിട്ടില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് വിതരണം ചെയ്യുന്നതിനായി സത്വര നടപടികൾ സ്വീകരിക്കുമോ?

2020 ഏപ്രിൽ, മേയ് മാസങ്ങളിൽ വിതരണം ചെയ്ത ഭക്ഷ്യകിറ്റുകൾക്ക് 7 രൂപ നിരക്കിൽ 5,91,36,112 രൂപ 5-8-2020-ൽ റേഷൻ വ്യാപാരികൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. 2020 ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ വിതരണം ചെയ്ത കിറ്റുകൾക്ക് 5 രൂപ നിരക്കിൽ 4,68,92,680 രൂപ 26-2-2021-ൽ അനുവദിച്ച് നൽകിയിട്ടുണ്ട്. ഒക്ടോബർ 2020 മുതൽ ജനുവരി 2021 വരെയുള്ള മാസങ്ങളിൽ വിതരണം ചെയ്ത കിറ്റുകൾക്ക് 5 രൂപ നിരക്കിൽ 18,75,65,675 രൂപ കമ്മീഷൻ അനുവദിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. 2021 മേയ് മാസത്തിലെ കിറ്റ് വിതരണത്തിനുള്ള എ.ആർ.ഡി. കമ്മീഷൻ ഇനത്തിൽ 4.25 കോടി രൂപയും അനുവദിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

ഭക്ഷ്യകിറ്റ്

115 (126) <u>ശ്രീമതി ഒ. എസ്. അംബിക</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മഹാമാരിയുടെയും ലോക്ഡൗണിന്റെയും പശ്ചാത്തലത്തിൽ വിതരണം ചെയ്യുന്ന ഭക്ഷ്യകിറ്റിൽ ഏതെല്ലാം വിഭവങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ?

കോവിഡ് മഹാമാരിയുടെയും ലോക്ഡൗണിന്റെയും പശ്ചാത്തലത്തിൽ നിലവിൽ വിതരണം ചെയ്തുവരുന്ന ഭക്ഷ്യകിറ്റിൽ (2021 മേയ് മാസത്തെ കിറ്റിൽ) ഉൾപ്പെടുത്തിയിരിക്കുന്ന ഇനങ്ങളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഇതിന് ആവശ്യമായ തുക ഏത് ശീർഷകത്തിൽ നിന്നാണ് കണ്ടെത്തുന്നത്; വ്യക്തമാക്കുമോ?

നാളിതുവരെയുള്ള സൗജന്യ കിറ്റ് വിതരണത്തിനായി ആകെ 4648.29 കോടി രൂപ സപ്ലൈകോയ്ക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. ആയതിൽ 3792.29 കോടി രൂപ 2408-01-102-99-33-Market Intervention Operations എന്ന ശീർഷകത്തിൽനിന്നും 450 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 406 കോടി രൂപ 2408-01-101-94-റേഷൻ സബ്സിഡി എന്ന ശീർഷകത്തിൽ നിന്നുമാണ് അനുവദിച്ചിരിക്കുന്നത്.

കോവിഡ് കാലത്തെ റേഷൻ വിതരണം

116 (127) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മഹാമാരിയുടെയും ലോക്ക്ഡൗണിന്റെയും പശ്ചാത്തലത്തിൽ കാർഡ് ഉടമയ്ക്കോ കുടുംബത്തിലെ മറ്റുള്ളവർക്കോ പലപ്പോഴും റേഷൻ കടകളിൽ എത്തിപ്പെടാൻ കഴിയാത്ത അവസ്ഥ സംജാതമാകാറുണ്ട്. ആയതിനാൽ ഈ ലോക്ക്ഡൗൺ കാലത്ത് മാത്രം വിരലടയാളം നിർബന്ധമാക്കാതെ റേഷൻ വിതരണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

കോവിഡ്-19 ഒന്നാംഘട്ട വ്യാപനവുമായി ബന്ധപ്പെട്ട് സർക്കാർ നിർദ്ദേശപ്രകാരം ആധാർ അധിഷ്ഠിത ബയോമെട്രിക് ഓതന്റിക്കേഷൻ മുഖേനയുള്ള റേഷൻവിതരണം താൽക്കാലികമായി നിർത്തിവച്ച് സാനിറ്റൈസർ, സാമൂഹിക അകലം ഉൾപ്പെടെയുള്ള കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് മാന്വൽ രീതിയിൽ വിതരണം ആരംഭിച്ചിരുന്നു. പ്രസ്തുത കാലയളവിലെ റേഷൻവിതരണ നിരക്ക് 93% ആണെങ്കിലും ഇ-പോസ് മുഖേനയുള്ള വിതരണം പുന:സ്ഥാപിച്ചതിലൂടെ രണ്ട് ലക്ഷത്തിലധികം പേർ അവരുടെ റേഷൻവിഹിതം കൈപ്പറ്റിയിരുന്നില്ലെന്ന് കണ്ടെത്തിയതിനാൽ പൊതുവിതരണത്തിലെ അഴിമതി, റേഷൻ തിരിമറി എന്നിവ ഒഴിവാക്കുന്നതിന് ഇ-പോസ് മുഖേനയുള്ള വിതരണം പുന:സ്ഥാപിക്കുന്നതിന് കേന്ദ്രം നിർദ്ദേശിക്കുകയുണ്ടായി. ആയതിനാൽ കേന്ദ്രനിർദ്ദേശപ്രകാരം നാളിതുവരെ ഇ-പോസ് മുഖേനയും OTP പ്രകാരവും കോവിഡ് മാനദണ്ഡം പാലിച്ചുകൊണ്ട് മാത്രമാണ് റേഷൻവിതരണം നടത്തി വരുന്നത്. ഈ സാഹചര്യത്തിൽ കേന്ദ്ര നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ നിലവിലെ വിതരണ സംവിധാനത്തിൽ മാറ്റം വരുത്താനോ മാന്വൽ വിതരണം നടത്താനോ സാധ്യമാകുകയുള്ളൂ. സിവിയർ കണ്ടൈൻമെന്റ്

LIBRARY ARCHIVES Kerala Legislative Assembly